ശ്രീ. എ. കെ. ആന്റണി : പ്രതിപക്ഷത്തിന് ഒരു നിയമം. ഭരണകക്ഷിക്ക് ഒരു നിയമം. അതു ശരിയല്ല.

മി. സ്പീക്കർ : ഞാൻ പരിശോധിച്ചു പറയാം. മുഖ്യമന്ത്രിക്ക് കിട്ടിയ നോട്ടീസിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. അതല്ലായെന്ന് ഇവിടെ ചൂണ്ടിക്കാണിച്ചു. അത് പരിശോധിച്ച് പറയാമെന്ന് ചെയർ പറഞ്ഞല്ലോ. വേറെ യാതൊരു പ്രശ്നവുമില്ല. അതൊന്നും തർക്കത്തിന്റെ പ്രശ്നമല്ല. കൊടുക്കുന്ന നോട്ടീസാണ് അതിന് ആധാരം. ചിലപ്പോൾ അംഗങ്ങൾ എഴുതിത്തരുന്ന നോട്ടീസിൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ മന്ത്രിമാരുണ്ടല്ലോ. അവർ തിരിച്ചുതരും. പലപ്പോഴും ഞങ്ങൾ പല കറക്ഷൻസും വരുത്താറുണ്ട്. അംഗങ്ങൾക്ക് തിരിച്ചു കൊടുക്കാറുമുണ്ട്. വീണ്ടും അയയ്ക്കാറുണ്ട്. ഇതൊക്കെ നടക്കുന്ന ഒരു പ്രോസ്സസാണ്. നോട്ടീസാണ് ആധാരമെന്ന് ഞാൻ അടിവരയിട്ട് പറയുകയാണ്.

(5) ഐ. സി. ഡി. എസ്. പ്രോജക്ടുകളിലേക്ക് അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്ന നടപടി

ശ്രീ. ടി. എം. ജേക്കബ് : സർ, നമ്മുടെ സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസ് പ്രോജക്ടുകൾ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇത് നൂറു ശതമാനം സെൻട്രലി സ്പോൺസേർഡ് സ്കീമാണ്. കേന്ദ്ര ഗവൺമെന്റ് ഇൻഡ്യയിലെ 5 സ്റ്റേറ്റുകൾ ലോക ബാങ്കിന്റെ സഹായത്തോടുകൂടി പദ്ധതി നടപ്പിലാക്കാൻ വേണ്ടി തെരഞ്ഞെടുത്തപ്പോൾ കേരളത്തെയും തെരഞ്ഞെടുക്കുകയുണ്ടായി. തെരഞ്ഞെടുപ്പിനുശേഷം നടക്കുന്ന ആ നടപടിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കേരളത്തിലെ മുഴുവൻ ബ്ലോക്കുകളും ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ വരികയാണ്. 1969 മുതൽ ഫീഡിംഗ് സെന്ററുകളിൽ ഭക്ഷണം പാകം ചെയ്തുകൊടുത്തും കുട്ടികളെ പഠിപ്പിച്ചും, വളർച്ചാ നിരക്ക് അവലോകനം നടത്തിയും, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള ജോലികളിൽ ഏർപ്പെട്ടും മുഴുവൻ സമയവും ജോലിക്കാരായി കഴിയുന്നവർ ഇന്ന് പിരിച്ചുവിടൽ ഭീഷണിയിലാണ്. ബാലവാടിയിൽ തുല്യജോലിയിൽ തുല്യവേതനവും വാങ്ങുന്ന ഹെൽപ്പർമാർക്ക് ലഭിക്കുന്ന സംരക്ഷണം ഐ.സി.ഡി.എസ്. പദ്ധതിയിൽ യു.ആർ.എസ്. സെന്ററുകളിലെ ഹെൽപ്പർമാർക്കും അർഹതപ്പെട്ടതാണ്. ബ്ലോക്കുകളുടെ കീഴിൽ ബാലവാടികളിലെയും യു. ആർ. എസ്. സെന്ററുകളിലെയും ഹെൽപ്പർമാർ തുടക്കത്തിൽ സൗജന്യമായും പിന്നീട് തുഛമായ വേതനത്തിലും 10 രൂപ മുതൽ 90 രൂപ വരെ വർദ്ധിപ്പിച്ച് ഇപ്പോൾ 460 രൂപ വരെ വേതനം വാങ്ങുന്നുണ്ട്. തുഛമായ ഒരു വേതനമാണിത്. ഇതേ വേതനം വാങ്ങി ഇതേ ജോലി തന്നെയാണ് ഐ. സി. ഡി. എസ്. പദ്ധതിയുടെ കീഴിൽ അംഗൻവാടി ഹെൽപ്പർമാർ ചെയ്യുന്നത്. സംസ്ഥാനത്ത് ഇപ്പോൾ ഐ. സി. ഡി. എസ്. ആയിട്ടുള്ളതും ഇനി ആകാനുമുള്ള ബ്ലോക്കുകളിലെ യു. ആർ. എസ്.സെന്ററുകളിൽ ജോലി ചെയ്യുന്ന ഹെൽപ്പർമാരെ നിലനിർത്തിയതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര സംസ്ഥാന സർക്കാരിന് യാതൊരു വിധ ബാദ്ധ്യതയും ഉണ്ടാകുന്നില്ല. 30 വർഷങ്ങളായി ഇതൊരു ജീവനോപാധിയായി സ്വീകരിച്ചിട്ടുള്ള, സാധുക്കളായ സ്ത്രീകളാണ് ഇതിൽ ജോലി ചെയ്യുന്നത്. അവരുടെ പ്രായപരിധി നോക്കാതെ ഈ കാര്യത്തിൽ നടപടി സ്വീകരിക്കണം. ഇതു സംബന്ധിച്ച് കേരള അംഗൻവാടി സ്റ്റാഫ് അസോസിയേഷന്റെ ആളുകൾ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് ഈ കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. അങ്ങയുടെ ശ്രദ്ധയിൽ പ്രധാനപ്പെട്ട ഒരു കാര്യം കൂടി പെടുത്താനുള്ളത്, ഇപ്പോൾ ഗവൺമെന്റ് ഒരു സെലക്ഷൻ നടത്തുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു അപേക്ഷയുള്ളത്, വെറുതെ ഞങ്ങളെപ്പോലെയുള്ളവരെ ബുദ്ധിമുട്ടിക്കരുത്. പതിനെട്ടും പത്തൊൻപതും തീയതികളിൽ രണ്ടു ദിവസം മുഴുവൻ ഞാനും ശ്രീ. ജോണി നെല്ലൂരും പാമ്പാക്കുട ബ്ലോക്കിലായിരുന്നു. ആ ബ്ലോക്കിൽ വർക്കർമാരായി അപേക്ഷിച്ചത് 737 പേരായിരുന്നു. അതിൽനിന്ന് 72 പേരെ തെരഞ്ഞെടുക്കണം. ഹെൽപ്പർമാരായി അപേക്ഷിച്ചത് 156 പേർ. 92 പേരെ തെരഞ്ഞെടുക്കണം. മൊത്തം 893 പേർ അപേക്ഷിച്ചു. 164 പേരെ തെരഞ്ഞെടുക്കണം. കൈക്കുഞ്ഞുങ്ങളുമായി രാവിലെ മുതൽ വന്നിരിക്കുന്ന സ്ത്രീകളാണ് അവിടുണ്ടായിരുന്നത്. എന്നിട്ട് മന്ത്രി ചെയ്തിരിക്കുന്നതെന്താണ് ? അങ്ങ് ചെയ്യുമ്പോൾ ഒരു ന്യായം കാണിക്കണം. ഞങ്ങൾ രണ്ടുപേരും അവിടെ പോയത് എം. എൽ. എ. മാർ എന്നുള്ള നിലയിലാണ്. പതിനൊന്നുപേരുള്ള കമ്മിറ്റിയിൽ ഭരണകക്ഷിയിലെ മറ്റു കക്ഷികളിൽപ്പെടുന്ന ആരെയെങ്കിലും വച്ചിട്ടുണ്ടോ ? ഇതിൽ രണ്ട് ഉദ്യോഗസ്ഥന്മാർ വരും. ഒന്ന് ജില്ലാ കളക്ടർ, അല്ലെങ്കിൽ ജില്ലാ കളക്ടറുടെ പ്രതിനിധി, അല്ലെങ്കിൽ ജില്ലാ ഓഫീസർ, മറ്റൊരാൾ സോഷ്യൽ വെൽഫെയർ ഓഫീസർ. ഈ പ്രോജക്ടിന്റെ കോ-ഓർഡിനേറ്റർ, കൺവീനറായിട്ടു വരും. ബാക്കി വന്നിരിക്കുന്ന മുഴുവൻ ആളുകളും സി. പി. എം. ന്റെ ആളുകളാണ്. 18 മാർക്കാണ് ഇന്റർവ്യൂവിന് വർക്കർമാർക്കുള്ളത്. 20 മാർക്ക് ഹെൽപ്പർമാർക്കുണ്ട്. ഞാൻ ഒരു ഡെപ്യൂട്ടി കളക്ടറോട് ചോദിച്ചു. ഈ 18 മാർക്ക് എങ്ങനെയാണ് നിശ്ചയിക്കുന്നതെന്ന്. ഇവിടെ വന്നിരിക്കുന്ന ആളുകളാണ് മാർക്കിടുന്നത്. ആറുപേരിടുന്ന മാർക്കും ഞങ്ങൾ രണ്ടുപേർ ഇടുന്ന മാർക്കുംകൂടെ എങ്ങനെ പൊരുത്തപ്പെടും. ഞങ്ങൾ രണ്ടുപേരും ഇട്ടത് 18-ഉം 18-ഉം ആറുപേരിടുന്ന പതിനെട്ടോ. ഞാൻ അവിടെ ഈ പ്രശ്നം സംസാരിച്ചു. ഒരു മണിക്കൂർ കഴിഞ്ഞാണ് ഇന്റർവ്യൂ തുടങ്ങിയത്. ഈ ഇന്റർവ്യൂ തുടങ്ങുന്നതിനു മുൻപ് ഞാൻ പറഞ്ഞു. ഇത് ശരിയല്ലായെന്ന്. അർഹതപ്പെട്ടവരെ എടുക്കാം. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി, ഞാൻ പറയുന്നത് ഇത് ശരിയല്ലായെന്നാണ് ഐ.സി.ഡി.എസ് എടുത്തിരിക്കുന്ന സകല ബ്ലോക്കുകളിലെയും സ്ഥിതി ഇതാണ്. ഞങ്ങളുടെ പഞ്ചായത്തിന്റെ പ്രസിഡന്റ് വന്നു. ജോസഫ് ഗ്രൂപ്പിന്റെ ആളുകൾക്ക് പഞ്ചായത്ത് പ്രസിഡന്റുണ്ട്. സി.പി. ഐ.കാർക്ക് പഞ്ചായത്ത് പ്രസിഡന്റുണ്ട്. അവരെയൊന്നും എടുത്തിട്ടില്ല. എടുത്തതു മുഴുവൻ സി.പി.എം.കാരെ ആണ്. അതുകൊണ്ട് ഇത് ശരിയായ ഏർപ്പാടല്ല. ഒന്നുകിൽ നിങ്ങൾ നീതിപൂർവ്വം കാര്യങ്ങൾ ചെയ്യണം. അങ്ങയോട് ഒരപേക്ഷയുള്ളത്, ദൈവത്തെയോർത്ത് ഈ വേഷം കെട്ടിക്കാൻ ഞങ്ങളെ പറഞ്ഞുവിടരുത്. തൊഴുതുകൊണ്ട് അപേക്ഷിക്കുകയാണ്. ഈ വേഷംകെട്ടൽ അവസാനിപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ): സ്പീക്കർ സർ, നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ഐ.സി.ഡി.എസ്. പദ്ധതി ആരംഭിക്കുന്ന പ്രദേശങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സി.പി.ഡബ്ല്യൂ.ഡി.ബാലവാടികൾ, ഹരിജൻ ബാലവാടികൾ, ഗിരിജൻ ബാലവാടികൾ എന്നിവയെ അംഗൻവാടികളാക്കി മാറ്റുകയും അപ്രകാരമുള്ള കേന്ദ്രങ്ങളിലെ ജീവനക്കാരെ അംഗൻവാടി ജീവനക്കാരായി നിയമിക്കുകയും ചെയ്തുവരുന്നു. ബാക്കി ഒഴിവുകളിലേയ്ക്കു മാത്രമേ അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ നടത്തി വർക്കർമാരേയും ഹെൽപ്പർമാരേയും തെരഞ്ഞെടുക്കാറുള്ളൂ. യു.ആർ.എസ്. സെന്ററുകളിലെ ജീവനക്കാരെ അംഗൻവാടി ജീവനക്കാരായി മാറ്റി നിയമിക്കാൻ നിലവിൽ വ്യവസ്ഥയില്ല. പുതിയതായി ആരംഭിക്കുന്ന പ്രോജക്ട് പ്രദേശങ്ങളിലെ യു.ആർ.എസ്.സി.-കളെ അംഗൻവാടികളായി മാറ്റണമെന്നും അവിടത്തെ ജീവനക്കാരെ അംഗൻവാടികളിൽ നിയമിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം കിട്ടിയിട്ടുണ്ട്. അതിവേഗത്തിൽ പരിശോധിച്ച് അതിന്മേൽ തീരുമാനം എടുക്കുന്നതാണ്. ജില്ലാ കളക്ടർമാർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി ചെയർമാനായും ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ കൺവീനറായുമുള്ള ഒരു കമ്മിറ്റിയാണ് ഓരോ പ്രോജക്ടിലും അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും തെരഞ്ഞെടുക്കുന്നത്. പ്രസ്തുത കമ്മിറ്റിയിൽ പദ്ധതിപ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം. പി. അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധി. എം.എൽ.എ. പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് മെമ്പർമാരിലൊരാൾ, ഗ്രമപഞ്ചായത്ത് പ്രസിഡന്റുമാർ, പഞ്ചായത്തു മെമ്പർമാർ എന്നിവരിൽ നിന്നു രണ്ട് പേർ, ഒരു വനിത ഉൾപ്പെടെ മൂന്നു സാമൂഹ്യ ക്ഷേമ പ്രവർത്തകർ എന്നിവരും ഉൾപ്പെടുന്നു. പദ്ധതി പ്രദേശത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ., മന്ത്രി, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷനേതാവ്, ചീഫ്വിപ്പ് എന്നീ പദവികളിലെ ഏതെങ്കിലും പദവി വഹിക്കുന്നവരാണെങ്കിൽ അവർക്കു പകരമായി ഒരു പ്രതിനിധിയെ കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥയുണ്ട്. അതിനാൽ ഈ കമ്മിറ്റി രാഷ്ട്രീയമായി രൂപീകരിച്ച കമ്മിറ്റിയാണെന്നു പറയുന്നതിൽ യാതൊരു അടിസ്ഥാനവുമില്ല.

ശ്രീ. ടി. എം. ജേക്കബ്: അനുഭവം വച്ചാണ് ഞാൻ പറഞ്ഞത് ....(ബഹളം).... ശ്രീ. പാലോട് രവിയുടെ മണ്ഡലത്തിൽ ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ....(ബഹളം)..... ഞങ്ങളെ ഇതിൽ നിന്നൊഴിവാക്കണം. ഈ വേഷം കെട്ടലിൽ നിന്ന് അങ്ങ് ഞങ്ങളെ ഒഴിവാക്കണം.

മി. സ്പീക്കർ: ഇതു നിയമസഭയുടെ ഒരു വിഷയമല്ല. അതു നിങ്ങളെഴുതിക്കൊടുത്താൽ മതി. നിങ്ങളെ ഒഴിവാക്കണമെന്നു പറഞ്ഞ് എഴുതിക്കൊടുത്താൽ മതി.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: ഗവൺമെന്റ് ഉത്തരവിറക്കിയിരിക്കുകയാണ്.

മി. സ്പീക്കർ: ഓർഡറിൽ മാറ്റം വരുത്തണമെന്ന് പറഞ്ഞ് എഴുതിക്കൊടുക്കുക. ഭരണപരമായ കാര്യമാണ്. ഇത് നിയമസഭയുടെ ഒരു വിഷയമല്ല. അതു നിങ്ങൾ ആവശ്യപ്പെടുക. അല്ലെങ്കിൽ ഓർഡറിൽ മാറ്റം വരുത്താൻ എഴുതിക്കൊടുക്കുക. ഇത് ഭരണപരമായ കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly